**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1018

28.04.2017- ൽ മറുപടിയ്ക്ക്

## മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമി

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ജലസേചന വകുപ്പ് റവന്യൂ വകുപ്പിന് മൂന്നേക്കർ ഭൂമി കൈമാറി നൽകുമെന്ന് അറിയിക്കുകയും സർക്കാരിൽ അതിന്മേലുള്ള തുടർനടപടികൾക്കായി 2014 ആഗസ്റ്റ് 16 ന് കണ്ണൂർ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗതീരുമാന പ്രകാരം റവന്യൂ വകുപ്പ് കൈക്കൊള്ളുകയും ചെയ്ത തുടർനടപടികൾ വ്യക്തമാക്കുമോ; | (എ) | ഇക്കാര്യത്തിൽ ഭൂമി കൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടുണ്ട്. കണ്ടെത്തിയ ഭൂമിയിൽ ധാരാളം മരങ്ങളും കെട്ടിടങ്ങളും ഉള്ളതിനാൽ കെട്ടിടങ്ങളുടെ വാല്യുവേഷൻ PWD വകുപ്പുമായി ബന്ധപ്പെട്ടും, മരങ്ങളുടെ വാല്യുവേഷൻ വനം വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 10.03.2017 ന് ഇരിട്ടി തഹസിൽദാർ ഭൂമി കൈമാറ്റ പ്രൊപ്പോസൽ റവന്യൂ ഡിവിഷണൽ ഓഫീസർ, തലശ്ശേരിക്ക് സമർപ്പിച്ചിരുന്നു എങ്കിലും പരിശോധനയിൽ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയ ഭൂവിലയും യഥാർത്ഥ മാർക്കറ്റ് വിലയും തമ്മിൽ അന്തരം കണ്ടെത്തിയതിനാൽ ഇരിട്ടി തഹസിൽദാർക്ക് മടക്കി നൽകിയിരിക്കുകയാണ്. |
| (ബി) ജലസേചന വകുപ്പിന്റെ കീഴിലുള്ള പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ളതും റവന്യൂ വകുപ്പിന് കൈമാറി നൽകുവാൻ തീരുമാനിച്ചതുമായ മൂന്നേക്കർ സ്ഥലം സന്ദർശിച്ച് തലശ്ശേരി സബ്കളക്ടർ തയ്യാറാക്കിയ റിപ്പോർട്ടും അനുബന്ധ രേഖകളും ലാന്റ് ട്രാൻസ്ഫറിനുള്ള അപേക്ഷ ചെക്ക് ലിസ്റ്റ് സഹിതം ഗവൺമെന്റിലേക്ക് അയക്കുവാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | PWD യിൽ നിന്നും വനം വകുപ്പിൽ നിന്നും വില നിർണ്ണയം സംബന്ധിച്ച റിപ്പോർട്ടുകൾ കിട്ടാൻ കാലതാമസം നേരിട്ടതിനാലാണ് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം നേരിട്ടത് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട് |
| (സി) ലാൻഡ് ട്രാൻസ്ഫറിനുള്ള അപേക്ഷയും ചെക്ക് ലിസ്റ്റും ഗവൺമെന്റിലേക്ക് അയച്ചു നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | ലാൻഡ് ട്രാൻസ്ഫറിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**